# കേരള സർവകലാശാല

നം. പി.ആർ.121/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കരിയർ റിലേറ്റഡ് ബി.കോം ഫലം

2017 ഒക്ടോബറിൽ നടന്ന രണ്ടും നാലും സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.കോം കമ്പ്യൂട്ടർ ആപ്ളിക്കേഷൻ (2013 അഡ്മിഷന് മുമ്പുളളത്) പരീക്ഷാ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബിരുദാനന്തര ബിരുദ കോഴ്സുകൾ

വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ബിരുദാനന്തര ബിരുദ കോഴ്സുകളുടെ രണ്ടാംസെമസ്റ്റർ ക്ളാസുകൾ ജൂൺ 2 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) NEWS എന്ന ലിങ്കിൽ ലഭിക്കും.

## യോഗ പരിശീലന പരിപാടി രജിസ്ട്രേഷൻ ആരംഭിച്ചു

കേരള സർവകലാശാല കായിക പഠന വകുപ്പ് സർവകലാശാല സ്റ്റേഡിയത്തിൽ പൊതുജനങ്ങൾക്കായി സംഘടിപ്പിച്ചു വരുന്ന പ്രതിമാസ യോഗ പരിശീലന പരിപാടിയുടെ ജൂൺ മാസത്തെ രജിസ്ട്രേഷൻ ആരംഭിച്ചു. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷാഫോം ജി.വി. രാജ പവലിയനിൽ പ്രവർത്തിക്കുന്ന കായിക പഠന വിഭാഗം ഓഫീസിൽ നിന്നും ലഭിക്കും. വിശദവിവരങ്ങൾക്ക് ഫോൺ : 0471-2306485/ 8921507832.

## സർവകലാശാല ലൈബ്രറി സുവനീർപ്രകാശനവും യാത്രയയപ്പും

സർവകലാശാല_ലൈബ്രറി 75-ാം വാർഷിക സുവനീർ മെയ് 31ന് രാവിലെ 10.30ന് ധനകാര്യമന്ത്രി ഡോ. തോമസ് ഐസക് പ്രകാശനം ചെയ്യും.
സർവകലാശാല_ലൈബ്രറിയിൽ വൈസ് ചാൻസിലർ ഗോപിനാഥ് രവീന്ദ്രന്റെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ ഡോ.ഡി.ബാബു പോൾ സുവനീർ എറ്റുവാങ്ങും. ലൈബ്രറി പ്രസിദ്ധീകരിക്കുന്ന ഒ.എൻ.വി ഗ്രന്ഥസൂചിയുടെ പ്രകാശനം വൈസ് ചാൻസിലർ നിർവ്വഹിക്കും. എഷ്യാനെറ്റ് ന്യൂസ് എഡിറ്റർ എം ജി രാധാകൃഷ്ണൻ എറ്റുവാങ്ങും. സർവ്വീസിൽ നിന്നും വിരമിക്കുന്ന യൂണിവേഴ്സിറ്റി ലൈബ്രേറിയൻ ഇൻ-ചാർജ് ശ്രീ.എ. ഹംസ , ഡെപ്യൂട്ടി ലൈബ്രേറിയൻ ശ്രീമതി. സുജിതകുമാരി എന്നിവർക്ക് മന്ത്രി ഡോ. തോമസ് ഐസക് ഉപഹാരങ്ങൾ സമ്മാനിക്കും. മുൻ സിൻഡിക്കേറ്റ് അംഗം അഡ്വക്കേറ്റ് കെ എച്ച് ബാബു ജാൻ, ഓറിയന്റൽ ഫാക്കൽറ്റി ഡീൻ ഡോ. സി. ആർ പ്രസാദ്, സർവകലാശാല ഗവേഷക യൂണിയൻ ചെയർമാൻ കെ. പി. വിഷ്ണു തുടങ്ങിയവർ ആശംസകൾ നേരും.

## കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്.പരീക്ഷ-ഓൺലൈൻ രജിസ്ട്രേഷൻ

അഞ്ചും ആറും സെമസ്റ്റർ കരിയർ റിലേറ്റഡ് കോഴ്സുകളുടെ (2012 അഡ്മിഷൻ) പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ

ജൂൺ 6, 50 രൂപ പിഴയോടുകൂടി ജൂൺ 8, 125 രൂപ പിഴയോടുകൂടി ജൂൺ 12 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്

## കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. പ്രാക്റ്റിക്കൽ പരീക്ഷ

2018 എപ്രിലിൽ നടത്തിയ കരിയർ റിലേറ്റഡ് (സി ബി സി എസ് എസ് )ആറാം സെമസ്റ്റർ ബി.എസ്.സി കെമിസ്ട്രി & ഇൻഡസ്ട്രിയൽ പ്രാക്റ്റിക്കൽ പരീക്ഷകൾ ജൂൺ 7 മുതൽ 14 വരെയുള്ള തീയതികളിൽ അതാത് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. . വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പാർട്ട് ടൈം ഈവനിംഗ് കോഴ്സ്

ഇംഗ്ളീഷ് പഠന വകുപ്പ് നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ(2018-19) പാർട്ട് ടൈം ഈവനിംഗ് കോഴ്സിന് അപേക്ഷിക്കേണ്ട തീയതി ജൂൺ 8 വരെ നീട്ടി. പ്രവേശന പരീക്ഷ ജൂലൈ 4 ന് നടക്കും. സർവകലാശാല അംഗീകരിച്ച ബിരുദമാണ് അടിസ്ഥാന യോഗ്യത. സർവകലാശാല ക്യാഷ് കൗണ്ടറിൽ 30/- രൂപ ചെലാൻ അടച്ച് ഇംഗ്ളീഷ് പഠന വകുപ്പിൽ നിന്നും അപേക്ഷാഫോം വാങ്ങാവുന്നതാണ്.അപേക്ഷയോടൊപ്പം 25/-രൂപയുടെ ചെലാൻ, രജിസ്ട്രേഷൻ ഫീ ആയി സമർപ്പിക്കണം.

## 'ഡോംടെക്' നിയമനം: വാർത്തകൾ അടിസ്ഥാന രഹിതം

കേരള സർവകലാശാലയിൽ പുതുതായി തുടങ്ങിയ 'ഡോംടെക്കി'ലെ ഡയറക്ടർ നിയമനവുമായി ബന്ധപ്പെട്ട വ്യാജപ്രചരണങ്ങൾ തികച്ചും അടിസ്ഥാന രഹിതമെന്ന് സർവകലാശാല പത്രക്കുറിപ്പിൽ അറിയിച്ചു. സർവകലാശാല ാചട്ടങ്ങളും നിയമങ്ങളും കീഴ്വഴക്കങ്ങളും അനുസരിച്ച് തികച്ചും നീതിയുക്തമായി നടത്തിയ ഈ കരാർ നിയമനത്തിന് യോഗ്യത മാത്രമായിരുന്നു മാനദണ്ഡം.നിയമനത്തിനായി അപേക്ഷ സമർപ്പിച്ച് അഭിമുഖത്തിൽ പങ്കെടുത്തവരിലെ ഏറ്റവും ഉയർന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥിയെയാണ് ഡയറക്ടറായി നിശ്ചയിച്ചത്.ഇത് സംബന്ധിച്ച എല്ലാ രേഖകളും സുതാര്യമാണ്.ഇന്റർവ്യൂ ബോർഡിൽ പങ്കെടുക്കുന്ന സിൻഡിക്കേറ്റംഗങ്ങളും വകുപ്പു മേധാവികളും ഉദ്യോഗസ്ഥരും സർവകലാശാല ഭരണാധികാരികളെന്ന ഉത്തരവാദിത്തമാണ് നിർവഹിക്കുന്നത്. നിയമനങ്ങളിൽ രാഷ്ട്രീയ ഇടപെടലുകൾ നടത്താറില്ല.അപേക്ഷകരുടെ കഴിവും അക്കാദമിക യോഗ്യതകളും വിലയിരുത്തി നടത്തിയ ഇന്റർവ്യൂവിൽ ബന്ധങ്ങൾ മാനദണ്ഡമല്ല.പ്രസ്തുത നിയമന നടപടികളിൽ യോഗ്യതയിൽ ഏറ്റവും മികച്ച ഉദ്യോഗാർത്ഥിക്ക് നൽകിയ നിയമനത്തെ തെറ്റായി വ്യാഖ്യാനിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു.



തിരുവനന്തപുരം.
29.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098